## പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1199 30.01.2018 - ൽ മറുപടിക്ക്**

# ദേശീയപാത വികസനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എം. നൗഷാദ് :** | | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** | |
| (എ) | കൊല്ലം-തിരുമംഗലം ദേശീയപാത 744 വീതി കൂട്ടി പുനർനിർമ്മിക്കാനുള്ള ശിപാർശ സർക്കാർ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ; | (എ) | ദേശീയപാത 744 - ന്റെ കി.മീ. 0/00 മുതൽ 81/280 വരെ ഉള്ള ഭാഗം പേവ്ഡ് ഷോൾഡറോടു കൂടി വികസിപ്പിക്കുവാനുള്ള സാദ്ധ്യതാ പഠനവും വിശദമായ പദ്ധതി രൂപരേഖയും തയ്യാറാക്കുന്ന പ്രവൃത്തി അന്തിമഘട്ടത്തിലാണ്. |
| (ബി) | സംസ്ഥാനത്തിന്റെ ശിപാർശയ്ക്ക് കേന്ദ്രത്തിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ ; | (ബി) & (സി) | അന്തിമ പദ്ധതി രൂപരേഖ തയ്യാറാക്കി നിശ്ചിത ശതമാനം സ്ഥല ലഭ്യത ഉറപ്പാക്കിയാലെ കേന്ദ്ര അംഗീകാരം ലഭിക്കുകയുള്ളൂ. പ്രസ്തുത ദേശീയപാതയുടെ അലൈൻമെന്റ് കേന്ദ്രം അംഗീകരിച്ച പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്. |
| (സി) | കൊല്ലം - തിരുമംഗലം ദേശീയ പാതയുടെ കേരളത്തിന്റെ ഭാഗത്ത് (81.28 കിലോമീറ്റർ) വീതി കൂട്ടുന്നതിനുള്ള സ്ഥലമെടുപ്പ് പൂർത്തിയായിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ ; | | |

| | |
|---|---|
| (ഡി) ദേശീയ പാതയുടെ കേരള സംസ്ഥാന അതിർത്തിയ്ക്കുള്ളിലുള്ള 81.28 km ഭാഗം (കൊല്ലം-ആര്യങ്കാവ്) വീതി കൂട്ടി പുനർ നിർമ്മിക്കുമ്പോൾ ആവശ്യമായി വരുന്ന ഒഴിപ്പിക്കൽ നടപടി സംബന്ധിച്ച് സംസ്ഥാന സർക്കാർ ശിപാർശയിലെ നിർദ്ദേശങ്ങൾ എന്തൊക്കെയെന്ന് വെളിപ്പെടുത്താമോ ? | (ഡി) ദേശീയപാത പുനർ നിർമ്മിക്കുമ്പോൾ കുടിയൊഴിപ്പിക്കൽ നടപടികൾ കേന്ദ്ര മാനദണ്ഡങ്ങൾക്ക് വിധേയമായാണ് നടപ്പിലാക്കുന്നത്. |

S. Bindu

സെക്ഷൻ ഓഫീസർ